I ഇ.ബി. XIII – കേരള നിയമസഭ/VI - 6

# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

**നക്ഷത്രചിഹ്നമിട്ട 172-ാം നമ്പർ ചോദ്യത്തിലെ ' സി ' പിരിവിന്റെ തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2012 ജൂൺ 18-ലെ നക്ഷത്രചിഹ്നമിട്ട 172-ാം നമ്പർ ചോദ്യത്തിലെ 'സി' പിരിവിന്റെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

**അടിയന്തര പ്രമേയം**

**വിമാനത്താവളങ്ങൾ വഴിയുള്ള മനുഷ്യക്കടത്ത്**

മി. സ്പീക്കർ: കരിപ്പൂർ, നെടുമ്പാശ്ശേരി, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളങ്ങൾവഴി മതിയായ രേഖകളില്ലാതെ നിയമവിരുദ്ധമായി ഗൾഫ് നാടുകളിലേയ്ക്കും മറ്റും വൻതോതിൽ മനുഷ്യക്കടത്ത് നടത്തി

ക്കൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നെടുമ്പാശ്ശേരി വിമാനത്താവളത്തിലൂടെയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാനത്തെ മൂന്ന് വിമാനത്താവളങ്ങളേയും സംബന്ധിച്ച് അന്വേഷിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ഡി.ജി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐ.ബി.യ്ക്ക് കേരളത്തിലെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ നടപടികൾ കൈമാറ്റം ചെയ്യുന്നതിനു മുമ്പുള്ള കാര്യങ്ങൾ സംബന്ധിച്ച് ഡി.ജി.പി.യിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളും കേന്ദ്രീകരിച്ച് ഏതാനും വർഷങ്ങളായി നടക്കുന്ന മനുഷ്യക്കടത്ത് വ്യാപകമായിക്കൊണ്ടിരിക്കുകയാണെന്നും പതിനായിരക്കണക്കിന് ആളുകൾ വിവിധ വിദേശ രാജ്യങ്ങളിലെത്തിയെന്നുമുള്ള റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ സുരക്ഷാ സംവിധാനം ഐ.ബി.യെ ഏൽപ്പിച്ചിട്ടും മനുഷ്യക്കടത്ത് തടയാൻ സാധിക്കുന്നില്ലെന്ന കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ഗൗരവമായി കാണണം. കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വത്തേയും രാജ്യരക്ഷയേയും ബാധിക്കുന്ന രീതിയിൽ തീവ്രവാദികൾ അതിക്രമിച്ചു കയറാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുവെന്നത് ഗുരുതരമായ സ്ഥിതി

വിശേഷമാണ്. ഐ.ബി.യെ സഹായിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള കേരള പോലീസ് ഉദ്യോഗസ്ഥർ അഴിമതിരഹരിതരും ഇലിസിറ്റായിട്ടുള്ള റിലേഷൻസ് ഇല്ലാത്തവരുമായിരിക്കണമെന്നും സ്പെഷ്യൽ ബ്രാഞ്ചിന്റേയും വിജിലൻസിന്റേയും എൻ.ഒ.സി. ലഭിച്ചവരും സത്യസന്ധരും വിശ്വസ്തരും ആയിരിക്കണമെന്നുമുള്ള നിബന്ധനകൾ പാലിക്കാത്ത അവസ്ഥയാണുള്ളത്. ഈ പോലീസ് ഉദ്യോഗസ്ഥരുടെ ട്രാക്ക് റിക്കാർഡ് വിവരങ്ങളും ലഭ്യമല്ല. ഇന്റർനാഷണൽ എയർ ചെക്ക്പോസ്റ്റിൽ പ്രവർത്തിക്കേണ്ടവർ അച്ചടക്കമുള്ളവരും വിശ്വസ്തരും ആകണമെന്നിരിക്കെ ഗവൺമെന്റ് തികച്ചും രാഷ്ട്രീയ നിയമനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കരിപ്പൂർ എയർപോർട്ടിൽനിന്ന് ഏഴ് പേരെ സസ്പെന്റ് ചെയ്യുകയുണ്ടായി. നെടുമ്പാശ്ശേരി എയർപോർട്ടിൽ ജോലി ചെയ്തിരുന്ന കോൺസ്റ്റബിളിന്റെ പിതാവിന്റെ അക്കൗണ്ടിലേയ്ക്ക് കണക്കിൽപ്പെടാത്ത ലക്ഷക്കണക്കിന് രൂപ വന്നിട്ടുള്ളത് ഇത്തരത്തിലുള്ള മനുഷ്യക്കടത്തിന് ഒത്താശ ചെയ്തു കൊടുത്തതിനുള്ള പ്രത്യുപകാരമായിട്ടാണ്. സർക്കിൾ ഇൻസ്പെക്ടർക്കും ഇയാൾക്കുമെതിരെ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ തുടർനടപടി സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നുമാത്രമല്ല മാധ്യമങ്ങളിൽ റിപ്പോർട്ട് വന്നപ്പോൾ അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുകയാണ് ചെയ്തത്. അഴിമതിക്കാരെന്നുകണ്ട് സ്ഥലം മാറ്റിയ വ്യക്തി സർവ്വീസിൽ തിരിച്ചെത്തി യതുസംബന്ധിച്ചും അന്വേഷണം നടത്തണം. പത്താം ക്ലാസ്സ് പാസ്സാകാത്തവർക്ക് ഇ.സി.ആർ. ശരിയാക്കികൊടുക്കാമെന്ന വാഗ്ദാനം നൽകി അവരിൽനിന്നും അമിത തുക കൈപ്പറ്റുന്നു. ഷാർജയിലെ സെക്സ് റാക്കറ്റിനും ഗുജറാത്തിലെ പട്ടേൽ വിഭാഗത്തിന് യൂറോപ്യൻ രാജ്യങ്ങളി ലേയ്ക്കും ശ്രീലങ്കൻ തീവ്രവാദികൾക്ക് മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും

സഞ്ചരിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നത് കേരളത്തിലെ വിമാനത്താവള ങ്ങളെയാണ്. ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ള തീവ്രവാദികൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിലൂടെ രക്ഷപ്പെടുന്നത് സംബന്ധിച്ച് പരിശോധിക്കണം. ബ്യൂറോ ഓഫ് എമിഗ്രേഷന് കൈമാറിയ 300 പോലീസു കാർക്ക് എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ എന്നും വിജിലൻസ് കേസിൽ ഉൾപ്പെട്ടി ട്ടുണ്ടോ എന്നും മനുഷ്യക്കടത്തിൽ പങ്കുള്ളതായി കണ്ടെത്തിയ 13 പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ടിൻമേൽ സ്വീകരിച്ച തുടർ നടപടി എന്താണെന്നും ഉന്നത ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ട് ചോരാൻ ഉത്തരവാദിയ ഉദ്യോസ്ഥർ ആരാണെന്നും കേസിലുൾപ്പെട്ട കോൺസ്റ്റബിളിന് രണ്ടാമത് നിയമനം നൽകിയതിലൂടെ പണം കൈപ്പറ്റിയത് ആരാണെന്നുമുള്ള കാര്യങ്ങളിൽ അന്വേഷണം നടത്തണം. കരിപ്പൂരിൽനിന്ന് സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിലുള്ള തുടർ അന്വേഷണം നിർത്തിവയ്ക്കാനുണ്ടായ കാരണവും വ്യക്തമാക്കണം. അത്യന്തം ആശങ്കാജനകമായ ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) </u>: കരിപ്പൂർ തിരുവനന്തപുരം, നെടുമ്പാശ്ശേരി, വിമാനത്താ വളങ്ങളിൽ യഥാക്രമം 19-03-2012 15-05-2012, 19-05-2012, എന്നീ തീയതികൾ മുതൽ സുരക്ഷാ നടപടികൾ കൈകാര്യം ചെയ്യുന്നതും ഐ.ബി.യിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ നടത്തുന്നതും ട്രാക്ക് റിക്കാർഡ് പരിശോധിക്കുന്നതും കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷനാണ്. മനുഷ്യക്കടത്തിൽ ഉൾപെട്ടിട്ടുള്ളവർക്കെ തിരെ കേസ്സെടുത്ത് അന്വേഷണം നടത്തും. നെടുമ്പാശ്ശേരി

വിമാനത്താവളത്തിൽ നിന്നും അനധികൃതമായി പെൺകുട്ടികളെ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കടത്തി പീഡിപ്പിച്ച സംഭവത്തിൽ നെടുമ്പാശ്ശേരി എയർപോർട്ട് എമിഗ്രേഷൻ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ അഞ്ച് പേർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തിവരികയാണ്. മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗൾഫിലുള്ള മറ്റുരണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുന്ന മുറയ്ക്ക് കേസ് ശരിയായ രീതിയിൽ മുന്നോട്ടുപോകുന്നതാണ്. സ്ത്രീത്വം അപമാനിക്കപ്പെടുന്ന സംഭവങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കും ഡി.ജി.പി.യുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടികളുമായി മുന്നോട്ടുപോകും. ഇതിനുപുറമേ പുതിയ പരാതികളുണ്ടെങ്കിൽ അതും സ്വീകരിച്ച് ഡി.ജി.പി. പോലുള്ള ഉന്നത ഉദ്യോഗസ്ഥരെ വച്ച് അന്വേഷിക്കുന്നതുമാണ്. പോലീസ് സ്റ്റേഷനുകളില്ലാത്ത വിമാനത്താവളങ്ങളിൽ കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടി പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ അതീവ ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നുണ്ട്. ഐ.ബി.യുടെ പരിധിയിലുള്ള വിഷയങ്ങളെ സംബന്ധിച്ച് അന്വേഷിക്കണ

മെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കരുതൽ നടപടികൾ സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

**ശ്രദ്ധക്ഷണിക്കൽ**

(1) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിലുള്ള ഉത്കണ്ഠ

ശ്രീ. റ്റി. വി. രാജേഷ്: സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നീക്കം അഭ്യസ്ഥവിദ്യരായ യുവജനങ്ങളുടെ ഇടയിൽ ആശങ്ക ഉളവാക്കിയിരിക്കുന്നു. പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതോടൊപ്പം പെൻഷൻ പ്രായം വർദ്ധിപ്പിക്കുമെന്ന സൂചനകളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ച മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ മന്ത്രിസഭയുടെ പരിഗണനയിലെന്നും പറയപ്പെടുന്നു. പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള മൂന്നേകാൽ ലക്ഷത്തോളം വരുന്ന ഉദ്യോഗാർത്ഥികൾ നിയമനവും കാത്തിരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ പ്രായം ഉയർത്തുന്നത് ആശാസ്യമല്ല. വിരമിക്കൽ പ്രായം 56 ആക്കിയപ്പോൾ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാനായി ആരംഭിച്ച സ്വയം സംരംഭക മിഷൻ വെറും വാഗ്ദാനമായി മാറിയിരിക്കുകയാണ്. മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധത്തിൽ വിവിധ കാറ്റഗറികളിലായി 72 ലക്ഷം അപേക്ഷകൾ പി.എസ്.സി. ഓഫീസുകളിൽ പ്രോസ്സസിംഗിലുണ്ട്. നിയമന നിരോധനം വരാൻ പോകുന്നുവെന്ന വ്യക്തമായ സർക്കാർ ഉത്തരവ് നിലവിലുണ്ട്. കേരളത്തിലെ ജനങ്ങളുടെ ആയൂർദൈർഘ്യം വർദ്ധിച്ച സാഹചര്യത്തിൽ യുവജനങ്ങളുടെ ജീവിതാഭിലാഷങ്ങൾ ബലിയർപ്പിക്കുന്നത് ഭൂഷണമല്ല. രാജ്യത്തിന്റെ സംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നതും റെയിൽവേ-ബാങ്കിംഗ് മേഖലയിൽ

ഒട്ട്സോഴ്സിംഗ് നടപ്പാക്കുന്നതും യുവജനങ്ങളെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് നയിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും പ്രധാനപ്പെട്ട മേഖലകളായ പോലീസ് വകുപ്പിലും ആരോഗ്യമേഖലയിലും 13,000ലധികം പുതിയ തസ്തികകൾ സൃഷ്ടിച്ച സാഹചര്യത്തിൽ നിയമന നിരോധനമുണ്ടെന്ന പ്രചരണം ശരിയല്ല. പി.എസ്.സി. മുഖേന ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചിട്ടുള്ളത് ഈ കാലഘട്ടത്തിലാണ്. വികലാംഗരുടെ നിയമനത്തിലുള്ള കുറവ് നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപക പാക്കേജിലൂടെ പതിനായിരത്തി അമ്പത്തിമൂന്ന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പെൻഷൻപ്രായം വർദ്ധിപ്പിക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. വിരമിക്കൽ തീയതി ഏകീകരിച്ചതിന്റെ ഫലമായുണ്ടായ ഭവിഷ്യത്തും ബുദ്ധിമുട്ടും ഒഴിവാക്കുന്നതിനാണ് പെൻഷൻ പ്രായം അമ്പത്തിയാറാക്കിയത്. പി.എസ്.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മുപ്പത് അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. യുവജന സംഘടനകളുമായി ചർച്ച ചെയ്ത് അവരെ വിശ്വാസത്തിലെടുത്തു മാത്രമേ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന നടപടികളുമായി മുന്നോട്ടു പോകുകയുള്ളൂ.

## (2) നദീതട അതോറിറ്റി രൂപീകരണം

ശ്രീ. റ്റി. എൻ. പ്രതാപൻ: കേരളത്തിലെ നദികൾ മലീമസവും വറ്റിവരണ്ട് മൃതപ്രായമായിരിക്കുകയുമാണ്. അനിയന്ത്രിത മണൽവാരൽമൂലം നദികളുടെ ആഴം വർദ്ധിക്കുന്നത് ഉപ്പുവെള്ളം കയറുന്നതിന് കാരണമാകു

ന്നു. നദികളുടെ സംരക്ഷണത്തിനായി വിവിധ വകുപ്പുകളെയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളെയും ഏകോപിപ്പിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള നദീതട അതോറിറ്റി രൂപീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റിയും വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡും രൂപീകരിക്കാനും നദികളെ ബാധിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാരിസ്ഥിതിക പരിഗണനകൾ നൽകാനുമായി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പാരിസ്ഥിതിക വിഷയമല്ലാത്ത നിയമത്തിൽ നദികളുടെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക ജൈവ വ്യവസ്ഥ സംരക്ഷണം ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ പ്രശ്നങ്ങൾ നിയമ വകുപ്പുമായി ആലോചിച്ച് സാദ്ധ്യതകൾ ആരാഞ്ഞിട്ടുണ്ട്. അനധികൃത മണൽവാരൽ തടഞ്ഞ് നദികളെ സംരക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമുള്ള നിയമ നടപടി സംബന്ധിച്ച് തീരുമാനിക്കാവുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിനായുള്ള നിയമ നിർമ്മാണം നടത്തുമ്പോൾ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശംകൂടി പരിഗണിക്കുന്നതാണ്.

**സബ്മിഷൻസ്**

(1) വർക്കല കുന്നുകളെ ജിയോപാർക്കാക്കാൻ നടപടി

ശ്രീ. വർക്കല കഹാർ : വർക്കല പാപനാശം കടൽത്തീരത്തോട് ചേർന്നുള്ള കുന്നുകളെ സംരക്ഷിക്കുന്നതിനും ഇന്ത്യയിലെ ആദ്യ ജിയോ പാർക്കാക്കി ഉയർത്തി യുനസ്ക്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : വർക്കല പാപനാശം കടൽത്തീരത്തോട് ചേർന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് രൂപപ്പെട്ട ഭൂഭാഗത്തെ ഭൗമ ശാസ്ത്ര വിസ്മയമായി കണ്ട് അതിനെ സംരക്ഷിക്കുന്നതിനും യുനസ്കോ യുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുംവിധം ആകർഷണീയമായ ഒരു പദ്ധതിയാക്കി നടപ്പാക്കുന്നതിനുമുള്ള ചർച്ചകൾ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുമായി ടൂറിസം വകുപ്പ് നടത്തിവരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) വിദ്യാഭ്യാസാനുകൂല്യങ്ങൾ പുന:സ്ഥാപിക്കൽ

ശ്രീ. ലൂഡി ലൂയിസ് : ആംഗ്ലോ ഇന്ത്യൻ സമുദായം ഒ.ബി.സി.വിഭാഗ ത്തിൽപ്പെടുന്നതാണെങ്കിലും വിദ്യാഭ്യാസപരമായ സംവരണം ലഭിക്കുന്നില്ല. അവർക്ക് ലത്തീൻ സമുദായത്തിനു ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനു കൂല്യങ്ങളും പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നിലവിലെ വ്യവസ്ഥയനുസരിച്ച് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് വിദ്യാഭ്യാസ സംവരണമില്ല. എന്നാൽ പ്ലസ് വൺ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റിൽ അദർ ബേക്ക്വേർഡ് ക്രിസ്ത്യൻ എന്ന് രേഖപ്പെടുത്തുകയോ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യുന്ന പക്ഷം ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികളെയും മറ്റ് പിന്നോക്ക ക്രിസ്തീയ സമുദായങ്ങൾക്ക് സർക്കാർ സ്ക്കൂളുകളിൽ സംവരണം ചെയ്തിട്ടുള്ള ഒരു ശതമാനം സീറ്റിലേയ്ക്ക് പരിഗണിക്കുന്നുണ്ട്. ഈ സമുദായത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തുന്നതുസംബന്ധിച്ച വിഷയം പട്ടികജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പ് പരിശോധിച്ചുവരികയാണ്. കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് പുന:സ്ഥാപിക്കുന്നതാണ്.

### (3) അബ്ദുൾ നാസർ മ്അദനിക്ക് യഥാസമയം വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കൽ

(സർവ്വശ്രീ കോവൂർ കുഞ്ഞുമോൻ, പാലോട് രവി എന്നീ അംഗങ്ങളും ഈ വിഷയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. എം. എ. ബേബി : അബ്ദുൾ നാസർ മ്അദനി ഒരു കേസിൽ പ്രതിചേർക്കപ്പെട്ട് ബാംഗ്ലൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞ 28 മാസമായി കഴിയുകയാണ്. ഒരു കാലില്ലാതെ അതീവഗുരുതരമായ പല രോഗങ്ങളും ബാധിച്ച അദ്ദേഹത്തിന് അടിയന്തരമായി വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. മ്അദനിക്കുവേണ്ടി വാദിക്കാൻ അംഗീകാരമുള്ള വക്കീലന്മാർ ജയിലിലെ കോടതിയിൽപോയി വാദിക്കാൻ വിസമ്മതിക്കുന്ന പ്രശ്നവുമുണ്ട്. മ്അദനിയുടെ ജീവൻ രക്ഷിക്കാനാവശ്യമായ ചികിൽസാ സൗകര്യം ലഭ്യമാക്കാൻ അടിയന്തിര ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം.

ശ്രീ. രമേശ് ചെന്നിത്തല: മ്അദനിയുടെ ആരോഗ്യപ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മാതാപിതാക്കളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ട് ന്യായവും നീതിപൂർവ്വവുമായ ചികിത്സ ഉറപ്പുവരുത്തണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: അത്യന്തം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന മ്അദനിക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ അടിയന്തിര ചികിത്സ ലഭ്യമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിചാരണ കൂടാതെ ഒരാളെ അനിശ്ചിത കാലത്തേയ്ക്ക് ജയിലിലടയ്ക്കുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. 21-8-12-ൽ മ്അദനിക്ക് ആവശ്യമായ ചികിത്സ

നൽകണമെന്നാവശ്യപ്പെട്ട് കർണ്ണാടക സർക്കാരിന് കത്തയച്ചതിനെത്തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള ഡീറ്റെയിൽഡ് റിപ്പോർട്ട് അയച്ചു തന്നിട്ടുണ്ട്. അദ്ദേഹത്തിന് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(4) ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കൽ**

ശ്രീ. സി. കൃഷ്ണൻ: ഖാദി വ്യവസായ നവീകരണത്തിന് ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): ഖാദി വ്യവസായ നവീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ഗോപിനാഥൻ നായർ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് 19-12-12-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നത്. 2010-11-ൽ അനുവദിച്ച തുക ഉപയോഗിച്ച് 2012 മാർച്ച് വരെയുള്ള മിനിമം വേതനം നൽകിയിട്ടുണ്ട്. 2012-13-ൽ 2012 ഏപ്രിൽ മുതലുള്ള കുടിശ്ശികയുൾപ്പെടെ നൽകുന്നതാണ്.

**(5) കുട്ടനാട്-ഓണാട്ടുകര പാക്കേജ്**

ശ്രീ. സി. കെ. സദാശിവൻ: 2008-ൽ അംഗീകാരം ലഭിച്ച കുട്ടനാട്-ഓണാട്ടുകര പാക്കേജിൽ അനുവദിച്ച തുക യഥാസമയം ചെലവഴിക്കുന്ന തിനും പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കുട്ടനാട്-ഓണാട്ടുകര പാക്കേജിൻകീഴിലുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. ഫുഡ് സെക്യൂരിറ്റി മിഷന്റെ 1.65 കോടി രൂപയുടെ പദ്ധതിപ്രകാരം 2009-10-ൽ ഓണാട്ടുകരയിൽ 1199 ഹെക്ടർ പ്രദേശത്ത് അധികമായി കൃഷിയിറക്കിയിട്ടുണ്ട്. കുളങ്ങൾ, നീരൊഴുക്കുകൾ, പുഴകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി 252.75 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൃഷി വകുപ്പുമുഖേന കൃഷിയന്ത്രങ്ങൾ ലഭ്യമാക്കുന്ന പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഓണാട്ടുകരയിലെ കാർഷിക ഗവേഷണ കേന്ദ്രം ശക്തിപ്പെടുത്തുന്നതിന് 1.19 കോടി രൂപ ലഭിച്ചതിൽ 1.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഓണാട്ടുകര കാർഷിക വികസനത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷനിൽനിന്നും 1,02,55,000 രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. മുഖ്യമന്ത്രി, ബന്ധപ്പെട്ട മന്ത്രിമാർ, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ തലവന്മാരായ പ്രോസ്പിരിറ്റി കൗൺസിൽ, കോ-ഓർഡിനേഷൻ കമ്മിറ്റി, ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്യുകയും പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### (6) പുതിയ ഇലക്ട്രിക്കൽ സെക്ഷൻ

ശ്രീ. പി. സി. ജോർജ്: കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഈരാറ്റുപേട്ട സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് തീക്കോയിലും കാഞ്ഞിരപ്പള്ളി സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് പാറത്തോട്ടിലും

എരുമേലി സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് പമ്പാവാലിയിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, എരുമേലി, തുടങ്ങിയ പ്രദേശങ്ങളുടെ ചില ഭാഗങ്ങൾ ഉൾപ്പെടുത്തി പാറത്തോട്ടിലും ഈരാറ്റുപേട്ട സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് തീക്കോയിയിലും പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനും റീ-ഡിപ്ലോയ്മെന്റിലൂടെ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (7) യാത്രാക്ലേശം

ശ്രീ. പി. സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടേയും കണ്ടക്ടർമാരുടേയും കുറവുമൂലം ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് പി.എസ്.സി. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതോടൊപ്പം അവിടെനിന്നും ഒരു അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ചെങ്ങന്നൂർ ഡിപ്പോയിൽ നിലവിലുള്ള **72** ഷെഡ്യൂളുകൾക്കും **65** ബസുകൾക്കും പുറമേ താൽക്കാലികമായി **5** ഷെഡ്യൂൾ കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈരാറ്റുപേട്ടയിലേക്കും പമ്പയിലേക്കും വിവിധ ഡിപ്പോകളിൽ നിന്നെടുത്ത ജീവനക്കാരെ ഉപയോഗിച്ച് **55** ബസുകൾ ഓടിക്കുന്നുണ്ട്. ജീവനക്കാരുടെ കുറവുമൂലം സാധാരണ റൂട്ടുകളിൽ അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എംപാനലായി കണ്ടക്ടർമാരെ റിക്രൂട്ട് ചെയ്യുകയും പി.എസ്.സി. വഴി

ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(8) ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിക്ക് ന്യായവില**

ശ്രീ. എസ്. രാജേന്ദ്രൻ: മാങ്കുളം ഹൈഡ്രോ ഇലക്ട്രിക്കൽ പവർ പ്രോജക്ട് നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത ഭൂമിക്ക് ന്യായവില നിശ്ചയിച്ച് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മാങ്കുളം ഹൈഡ്രോ ഇലക്ട്രിക്കൽ പവർ പ്രോജക്ടിനാവശ്യമായ 130.58 ഏക്കർ സ്ഥലം 252 ആളുകളിൽ നിന്ന് എറ്റെടുക്കുന്നതിന് കളക്ടർ ചെയർമാനായുള്ള 2008-ലെ കമ്മിറ്റി തീരുമാനിച്ചെങ്കിലും പട്ടയഭൂമിയുള്ള വർക്ക് നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കാത്തതു കാരണം ഭൂമി ലഭിച്ചി രുന്നില്ല. പട്ടയഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നെഗോഷ്യേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

**(9) തിരൂരിലെ സബ് ആർ.ടി. ഓഫീസ്**

ശ്രീ. സി. മമ്മൂട്ടി: മലപ്പുറം ജില്ലയിലെ തിരൂരിലുള്ള സബ് ആർ.ടി. ഓഫീസ് റൂറൽ ആർ.ടി. ഓഫീസായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): താനൂർ, തിരൂരങ്ങാടി, പൊന്നാനി, തവനൂർ ഉൾപ്പെടെയുള്ള മലപ്പുറം ജില്ല യിലെ ആറ് നിയോജകമണ്ഡലങ്ങൾക്കുവേണ്ടി ഒരു റൂറൽ ആർ.ടി ഓഫീസ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

### (10) എയർ ഇന്ത്യാ യാത്രക്കാർക്കെതിരെയുള്ള കേസ്

ശ്രീ. കെ. വി അബ്ദുൾ ഖാദർ: കൊച്ചിയിൽ ഇറക്കേണ്ട എയർ ഇന്ത്യാ വിമാനം തിരുവനന്തപുരത്ത് ഇറക്കിയ സംഭവത്തിൽ ആറ് യാത്രക്കാർക്കെതിരെ വലിയതുറ പോലിസ് രജിസ്റ്റർ ചെയ്ത കേസ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഫ്ളൈറ്റ് കമാന്റുറുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ആറ് യാത്രക്കാരെ വലിയതുറ പോലീസ് ചോദ്യം ചെയ്തത്. ഇവരുടെ യാത്ര മുടക്കുന്നതിനോ ആരെയും പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ ഉള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല.

### (11) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

ശ്രീ. ബി. സത്യൻ : ദേശീയ പാതയിലും എം.സി. റോഡിലും അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സുരക്ഷാ സംവിധാനമൊരുക്കുന്നതിനും കിളിമാനൂർ കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ആറ്റിങ്ങൽ, ആലംകോട്, മാമം, കിളിമാനൂർ, തുടങ്ങിയ പ്രദേശങ്ങളിലെ വെഞ്ഞാറമൂട്-ചെങ്ങന്നൂർ സ്റ്റേറ്റ് ഹൈവേ ഉൾപ്പെടുന്ന 75 സ്ഥലങ്ങളിൽ അമിത വേഗം നിയന്ത്രിക്കുന്നതിനായി സ്പീഡ് ഡിറ്റെക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. പുതുതായി തുറന്ന് പ്രവർത്തിക്കാനുദ്ദേശിക്കുന്ന 22 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുക

ളുടെ മുൻഗണനാ പട്ടികയിൽ കിളിമാനൂർ ഉൾപ്പെടുന്നില്ലെങ്കിലും ഇക്കാര്യം പരിശോധിക്കുന്നതാണ്.

### (12) താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. മുല്ലക്കര രത്നാകരൻ : കടയ്ക്കൽ താലൂക്കാശുപത്രിയിൽ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്താനും ആശുപത്രിയുടെ അപര്യാപ്തകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) : കടയ്ക്കൽ താലൂക്കാശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെ ഒമ്പത് ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. ടേൺ ഡ്യൂട്ടിയിൽ ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്ന ഇവിടെ പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഇ.എൻ.ടി., ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവധിയിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ പരിഹരിക്കുന്നതിന് വർക്കിംഗ് അറേഞ്ച്മെന്റ് വഴിയും എൻ.ആർ.എച്ച്.എം. വഴിയും നിയമനം നടത്തിയിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് ലാബ് ടെക്നീഷ്യൻമാരെ താത്കാലികമായി നിയമിച്ചിട്ടുണ്ട്. 28-12-2012-ന് നടക്കുന്ന പേ വാർഡിന്റെ ഉദ്ഘാടന ചടങ്ങിൽ ആശുപത്രിയുടെ അസൗകര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതാണ്.

## (13) ആയുർവ്വേദ ഡിസ്പെൻസറി

ശ്രീ. കോവൂർ കുഞ്ഞുമോൻ : കുന്നത്തൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐവർകാല ആയുർവ്വേദ ഡിസ്പെൻസറി താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും പഞ്ചകർമ്മ ചികിത്സയ്ക്കുള്ള സംവിധാനമൊരുക്കുന്നതിനും എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയമിക്കുന്നതിനും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) : ഐവർകാല ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള പഞ്ചായത്ത് തീരുമാനം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന നടത്തുന്നതിന് 35 ലക്ഷം രൂപയുടെ ആയുഷ് ഫണ്ടും അനുവദിച്ചിട്ടുണ്ട്. താലൂക്കാശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## (14) മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. പി. തിലോത്തമൻ : മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതോടൊപ്പം താലൂക്കാശുപത്രിയായി ഉയർത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): മുഹമ്മ സി.എച്ച്.സി.യിൽ ഒരു സിവിൽ സർജന്റെയും നാല് അസിസ്റ്റന്റ് സർജൻമാരുടേയും തസ്തികകളുള്ളതിൽ ഒഴിവുള്ള സിവിൽ സർജന്റെ തസ്തികയിലേയ്ക്ക് അഡ്ഹോക് വ്യവസ്ഥ

യിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ എട്ട് ഡോക്ടർമാരുടെയും പത്ത് നഴ്സുമാരുടേയും സേവനം ഇവിടെ ലഭിക്കുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ ആശുപത്രി സന്ദർശിച്ച് നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയതിനുശേഷം ഈ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(15) മാനസികാരോഗ്യ ആശുപത്രിയിലെ ദുരൂഹ മരണം

(ശ്രീ. വി. ശിവൻകുട്ടിയും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. കെ. മുരളീധരൻ പേരൂർക്കട മാനസികാരോഗ്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന ആന്ധ്രാ സ്വദേശി വെങ്കിടേശപ്പ മരണപ്പെട്ട സാഹചര്യത്തിൽ കടുത്ത മാനസിക രോഗികളെ പ്രവേശിപ്പിക്കുന്ന സിംഗിൾ സെല്ലുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സെല്ലുകളിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ മാനസികനില അറിയുന്നതിന് ക്യാമറ സ്ഥാപിക്കുമെന്ന തീരുമാനം നടപ്പിലാക്കുന്നതിനും കൂടുതൽ ജീവനക്കാരെയും സർജൻമാരേയും നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): കിളിമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽനിന്നും ആന്ധ്രാപ്രദേശ് സ്വദേശിയായ 60 വയസ്സുള്ള വെങ്കിടേശ്ശപ്പയെ സംശയാസ്പദമായ നിലയിൽ കസ്റ്റഡിയിലെടുക്കുകയും മാനസിക വിഭ്രാന്തി പ്രകടിപ്പിച്ചതിനെത്തുടർന്ന് കോടതി നിർദ്ദേശപ്രകാരം 30-11-12-ൽ തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ അഡ്മിറ്റ് ചെയ്യുകയും ഡ്യൂട്ടി ഡോക്ടറുടെ നിർദ്ദേശപ്രകാരം പത്താം നമ്പർ സെല്ലിൽ

പ്രവേശിപ്പിക്കുകയും ചെയ്തു. അന്നേ ദിവസം അതേ സെല്ലിൽ തന്നെ ബാലരാമപുരം സ്വദേശിയായ സുരേഷ് ബാബുവിനേയും പ്രവേശിപ്പിക്കുകയുണ്ടായി. **4-12-12**-ന് രാവിലെ വെങ്കിടേശ്ശപ്പ മരിച്ചുകിടക്കുന്നതായി രാത്രി ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ആശുപത്രി അധികൃതർ കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ മരണം കസ്റ്റഡി മരണമായി റിപ്പോർട്ട് ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി പോസ്റ്റുമോർട്ടത്തിനയച്ചു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം തലയ്ക്കേറ്റ ക്ഷതമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ അന്വേഷണത്തിന് ആരോഗ്യവകുപ്പ് ഡയറക്ടർ നിയോഗിച്ച **4** അംഗ സമിതിയുടെ റിപ്പോർട്ട് ലഭ്യമായാലുടൻ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള സ്ഥിതിഗതികൾ മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ആശുപത്രി സൂപ്രണ്ടിനെ തൽസ്ഥാനത്തുനിന്നും മാറ്റുന്നതിനും മാനസികാരോഗ്യകേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചതോടൊപ്പം കൂടുതൽ സിംഗിൾ സെല്ലുകൾ സ്ഥാപിക്കുന്നകാര്യവും പരിഗണിക്കുന്നതാണ്.

(16) **വിവാഹം രജിസ്റ്റർ ചെയ്യാൻ അവസരം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കോമൺ മാര്യേജ് ആക്ട് പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ **2008**-ന് മുമ്പും അതിനുശേഷവും നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് ഒരു നിശ്ചിത തീയതി വരെ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 2008-ലെ കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ പൊതുചട്ടങ്ങളിലെ ഒമ്പതാം ചട്ടം രണ്ടാം ഉപചട്ടപ്രകാരം വിവാഹങ്ങൾ പിഴ കൂടാതെ

രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി **31-12-2012** വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കാലാവധി ഒരു വർഷം കൂടി നീട്ടിക്കൊടുക്കുന്നതിനുള്ള നിർദ്ദേശം എത്രയുംവേഗം തീരുമാനമാക്കുന്നതിന് നിയമവകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും മത-ഭേദമന്യേ നിർബന്ധമായും വിവാഹം നടന്ന തീയതി മുതൽ 45 ദിവസ കാലയളവിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി കൂടാതെ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ പിഴ ഒടുക്കി വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മറ്റുള്ളവ പിഴയില്ലാതെ ചെയ്യണമെങ്കിൽ നിയമവകുപ്പിന്റെ നിർദ്ദേശമുണ്ടാകണം. നിയമവകുപ്പ് നിർദ്ദേശിക്കുകയാണെങ്കിൽ ആ കാര്യം പരിഗണിക്കാവുന്നതാണ്.

**(17) <u>പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> ചാലക്കുടി മണ്ഡലത്തിൽ കോടശ്ശേരി ഗ്രാമ പഞ്ചായത്തിലെ കിഴക്കൻമേഖലകളിൽ ജലസേചനത്തിനും കുടി വെള്ളത്തിനുംവേണ്ടി പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): ചാലക്കുടി നിയോജകമണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് **200** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ തുക അപര്യാപ്തമായതിനാൽ **270** ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി നബാർഡിലേയ്ക്ക് അയച്ചിട്ടുണ്ട്. പദ്ധതികളുടെ എസ്റ്റിമേറ്റ്

പുതുക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## (18) കുറ്റ്യാടി ജലവൈദ്യുത പദ്ധതി

ശ്രീ. സി. കെ. നാണു: വടകര മണ്ഡലത്തിലെ തകർന്ന കടൽഭിത്തികളും തകർന്ന അക്വഡക്ടുകളും പുനർനിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുറ്റ്യാടി ജലസേചന പദ്ധതിയുടെയും മാഹി കനാലിന്റേയും പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വടകര നിയോജകമണ്ഡലത്തിൽ 4 പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ അഴിയൂർ പഞ്ചായത്തിൽ പൂഴിത്തല കടപ്പുറത്തിന്റെ വടക്കേ അറ്റത്ത് നിർമ്മിച്ച കടൽഭിത്തി 15-3-2012 -ൽ പൂർത്തിയായിട്ടുണ്ട്. ചോറോട് പഞ്ചായത്തിൽ 125 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയ്ക്കുള്ള അനുമതി ലഭിക്കുകയും 22-8-2012-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അഴിയൂർ പഞ്ചായത്തിലെ കീരിത്തോടിന് തെക്കുവശം 535 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ വടകര നിയോജക മണ്ഡലത്തിൽ രണ്ട് അക്വഡക്ടുകളാണ് അപകടാവസ്ഥയിലുള്ളത്. ഇതിൽ വള്ളിക്കാട് അക്വഡക്ട് പുനർനിർമ്മിക്കുന്നതിന് 8.25 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. വടകര-മാഹി കനാൽ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (19) കുടിവെള്ളക്ഷാമത്തിന് പരിഹാരം

ശ്രീ. സി. മോയിൻകുട്ടി : തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി, മുക്കം, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിലും കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഓമശ്ശേരി പഞ്ചായത്തിലും അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം, കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകളിലേയ്ക്കും കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഓമശ്ശേരി പഞ്ചായത്തിലേയ്ക്കും ശുദ്ധജലവിതരണം നടത്താനുള്ള 80 കോടി രൂപയുടെ അടങ്കൽ തുകയുള്ള പദ്ധതിക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉത്തരമേഖല ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ 29 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ടത്തിൽ കിണർ, പമ്പ്ഹൗസ്, പമ്പ് സെറ്റുകൾ, പമ്പിംഗ് ലൈനുകൾ, 15 എം.എൽ.ഡി. ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയും 51 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന രണ്ടാം ഘട്ടത്തിൽ മുക്കം, കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിൽ ജല വിതരണം നടത്താനുള്ള വിതരണ ശൃംഖലയുമാണ് സ്ഥാപിക്കേണ്ടത്. ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (20) ബൈപ്പാസ് നിർമ്മാണത്തിനുവേണ്ട സ്ഥലമെടുപ്പ് നടപടികൾ

ഡോ. എൻ. ജയരാജ് : കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കാനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ബൈപ്പാസ് നിർമ്മാണത്തിനായി കാഞ്ഞിരപ്പള്ളി വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട **3.9830** ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യു വകുപ്പ് അംഗീകാരം നൽകിയതനുസരിച്ച് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സ്വകാര്യ വ്യക്തി ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായത്തിന്മേൽ സ്ഥലമെടുപ്പ് സംബന്ധിച്ച എല്ലാ നടപടികളും സ്റ്റേ ചെയ്ത് ഉത്തരവുണ്ടാവുകയും ചെയ്തു. എന്നാൽ **01.12.2012**-ലെ അന്തിമ വിധിപ്രകാരം കക്ഷികൾക്ക് ഹിയറിംഗ് അനുവദിച്ച് ഭൂമി ഏറ്റെടുക്കാൻ വീണ്ടും ഉത്തരവാകുകയും ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് **18.12.2012**-ന് ജില്ലാ കളക്ടർ അടങ്ങുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

### (21) കഴക്കൂട്ടം ആസ്ഥാനമാക്കി റവന്യൂ ഡിവിഷൻ ഓഫീസ്

ശ്രീ. എം.എ. വാഹീദ് : കഴക്കൂട്ടം കേന്ദ്രമാക്കി പുതിയ റവന്യൂ ഡിവിഷൻ ഓഫീസ് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പുതിയ റവന്യൂ ഡിവിഷനുകൾ തുടങ്ങുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന കാര്യമായതിനാൽ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്കുമാത്രമേ കഴക്കൂട്ടം ആസ്ഥാനമാക്കി പുതിയ റവന്യു ഡിവിഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## (22) നിയമവ്യവസ്ഥകളുടെ ലംഘനം

ശ്രീ. സി.പി. മുഹമ്മദ് : നദീതീരസംരക്ഷണ, മണൽവാരൽ നിയന്ത്രണ നിയമം ലംഘിച്ച് വ്യാപകമായി മണൽ കടത്ത് നടത്തുകയും അതിന് കൂട്ടുനിൽക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം നിലവിൽ വരുന്നതിനുമുമ്പും അതിനുശേഷവും വാഹനങ്ങൾ ഭാരതപ്പുഴയിൽ ഇറക്കിയാണ് മണൽ കയറ്റുന്നത്. മണൽ കയറ്റുന്നതിന് കൂലി വർദ്ധിപ്പിച്ചാൽ വാഹനങ്ങൾ പുഴയിലേയ്ക്ക് ഇറക്കാതെ മണൽ കയറ്റുവാൻ സാധ്യമാണോയെന്ന് ജില്ലാ കളക്ടർ ആരാഞ്ഞതിൽ  മണൽ തലച്ചുമടായി വാഹനങ്ങളിൽ കയറ്റുവാൻ പ്രയാസമാണെന്നും ആയതിനാൽ വാഹനങ്ങൾ പുഴയിലേയ്ക്കിറക്കി മണൽ കയറ്റുന്നതിന് അനുവദിക്കണമെന്നും തൊഴിലാളി പ്രതിനിധികൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് ജില്ലാതല  വാഹനങ്ങൾ ഇറക്കി മണൽ കയറ്റുവാൻ തൃശ്ശൂർ ജില്ലാ വിദഗ്ദ്ധ സമിതി യോഗം തീരുമാനിച്ചു. ജില്ലാ കളക്ടർമാരുടെ നിയന്ത്രണത്തിൽ മണൽ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ വിവരം ശേഖരിച്ചുവയ്ക്കുന്നുണ്ട്. അനധികൃത മണൽ ശേഖരം, കടത്ത് എന്നിവയ്ക്കെതിരെ റെയ്ഡും ശക്തമായ നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. മണൽ കടത്തുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ കളക്ടറെ ആക്രമിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും മൂന്നുപേരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ചട്ടം **47 (2)** അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) **2012**-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പതിനാലു മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

**റൂളിംഗ്**

സഭയിൽ ലാപ് ടോപ് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

മി. സ്പീക്കർ : നിയമസഭയിൽ അംഗങ്ങൾ ലാപ്ടോപ്പ്, ഐപാഡ് എന്നിവ ഉപയോഗിക്കുന്നത് അനുവദനീയമാണോയെന്നത് സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ശ്രീ. ടി.എൻ. പ്രതാപൻ, എം.എൽ.എ. ക്രമപ്രശ്നം എഴുതി നൽകിയിരുന്നു. സഭയിലെ നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് ലാപ്ടോപ്പ്, ഐപാഡ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ സഭയിൽ അനുവദനീയമല്ല. ഇന്നത്തെ ഹൈടെക് യുഗത്തിൽ ഇത്തരത്തിലുള്ള ആധുനിക സംവിധാനങ്ങളോട് പിന്തിരിഞ്ഞുനിൽക്കുന്നത് ശരിയാണെന്ന് സഭാംഗങ്ങളോടൊപ്പം ചെയറിന് രണ്ടഭിപ്രായമില്ല. എന്നാൽ സഭയ്ക്കുള്ളിൽ അതിന്റെ ദുരുപയോഗം ഒഴിവാക്കുകയും വേണം. നിയമസഭയിലെ പ്രസംഗ ത്തിന് സഹായകമായ രീതിയിൽ ലാപ്ടോപ്പും ഐപാഡും സഭയ്ക്കുള്ളിൽ അനുവദിക്കുന്നതാണ് ഉചിതമെന്ന് ചെയർ കരുതുന്നു. ചെയർ അനുവദി ക്കുന്ന ഈ സൗകര്യം നിയമസഭയിലെ തങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അംഗങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ തീരുമാനത്തെ സർക്കാർ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആധുനിക രീതിയിലുള്ള മാറ്റങ്ങൾക്കനുസൃതമായി ഉയർന്ന ചെയറിനെ അഭിനന്ദിക്കുന്നു.

**നിയമനിർമ്മാണകാര്യം**

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

**(1) 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : കടമെടുക്കുന്നവർ അമിത പലിശ കൊടുക്കാൻ നിർവാഹമില്ലാതെ കടക്കെണിയിലാകുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന സ്ഥിതി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് തടയാൻ ഫലപ്രദമായ നിയമം അനിവാര്യമായതിനാലാണ് ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്നത്. ഈ നിയമനിർമ്മാണത്തോട് പൊതുവേ എല്ലാവരും യോജിച്ചു എന്നുള്ളതിൽ സന്തോഷമുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിൽ അമിതപലിശ ഈടാക്കുന്നതുകൊണ്ട് സാധാരണക്കാരായ

ആളുകളിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാവുന്ന തരത്തിൽ ഈ നിയമം ശക്തമല്ല. നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കണം. പലിശരഹിത സംവിധാനത്തിൽ പണം ലഭിക്കാനും മനുഷ്യന്റെ അധ്വാനത്തിന്റെ വില പലിശയായി കൊടുക്കുന്ന സംവിധാനം ഇല്ലാതാക്കാനും കഴിയണം. കേരള ജനതയെ പലിശയെന്ന വിപത്തിൽനിന്ന് ഘട്ടംഘട്ടമായി മോചിപ്പി ക്കാവുന്ന സംവിധാനത്തിലേയ്ക്ക് എത്തിച്ചേരേണ്ടത് അഭിലഷണീയമാണ്. കേരളത്തിലെ വിദൂരമായ ഗ്രാമങ്ങളിൽ ബാങ്കിംഗ് സംവിധാനവും പണമിടപാട് സ്ഥാപനങ്ങളുടെയും സൗകര്യം എത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ അമിതപലിശ, ദിവസവട്ടി, തുടങ്ങിയവയുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ വിമുക്തരാക്കാൻ കഴിയുകയുള്ളൂ. പ്രൈവറ്റ് മണിലെന്റേഴ്സിനെക്കുറിച്ച് പരാതിപ്പെടാൻ സാധാരണക്കാർ തയ്യാറാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. പലിശകൊണ്ട് ജീവിതം കെട്ടി പ്പൊക്കുന്ന ഇക്കൂട്ടർ ഗുണ്ടാ സംഘത്തെ വളർത്തുകയും ക്രിമിനൽവൽക്കര ണത്തിനുവേണ്ടി പണം ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. പണം കടം വാങ്ങുന്ന ആളിന്റെ പേര് 'ഉത്തമർണ്ണൻ ' എന്നും കൊടുക്കുന്നവൻ 'അധമർണ്ണൻ' എന്നും പുനർനാമകരണം ചെയ്യാൻ കഴിയുമോയെന്ന കാര്യം ആലോചിക്കണം. പണമുള്ളവൻ ഗവൺമെന്റ് സ്ഥാപനത്തിൽ പണം നിക്ഷേ പിക്കാനുള്ള നിയമവിധേയ സംവിധാനമുണ്ടാക്കണം. സുതാര്യതയുള്ള പണ മിടപാട് സ്ഥാപനങ്ങളും ശുദ്ധീകരണ സ്വഭാവമുള്ള പണവും എന്ന ഒരു സംവിധാനത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയണം. പ്രൈവറ്റ് മണിലെന്റേ ഴ്സിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥ-പോലീസ്-രാഷ്ട്രീയ മാഫിയ സംവി ധാനം ഇല്ലാതാക്കണം. പലിശ സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന

മൈക്രോ ഫിനാൻസ് സംവിധാനങ്ങൾ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടു വരാനും ഇത്തരം കേസുകൾ തെളിയിക്കപ്പെടാനും കഴിയണം. സാധാര ണക്കാരന്റെ ചെറിയ ആവശ്യങ്ങൾക്ക് പരിഹാരമായി നിയന്ത്രിതമായ പണമി ടപാട് സംവിധാനം സംസ്ഥാനത്തിന്റെ ഏത് കോണിലും ലഭ്യമാണെന്ന് ഉറ പ്പാക്കാൻ കഴിയണം. അമിതപ്പലിശ വഴി ലഭിക്കുന്ന പണത്തിന്റെ ഒരു പങ്ക് ഗവൺമെന്റിലേയ്ക്ക് നിക്ഷിപ്തമാക്കിക്കൊണ്ട് ഇവരുടെ കേസ് തെളിയിക്കാ നുള്ള ഉത്തരവാദിത്തം ഏറ്റെടുക്കണം വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊ ള്ളിച്ചുകൊണ്ട് എല്ലാ പണമിടപാട് സ്ഥാപനങ്ങളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഏറ്റവും വലിയ ചൂഷണ ഉപാധിയെന്ന നിലയിൽ അമിത പലിശ ഈടാക്കാൻ അവസരം നൽകുന്ന സമ്പദ് വ്യവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഈ ബില്ലിലൂടെ ചൂഷണം കുറയ്ക്കാൻ സാധ്യമല്ല. 1958-ൽ മണിലെന്റേഴ് ആക്ട് നിലവിൽ വന്നതുമൂലമുണ്ടായ ചൂഷണങ്ങൾ 1969-ൽ ബാങ്കുകളുടെ ദേശാസാൽക്കരണത്തോടെയാണ് കുറെയേറെ നിയന്ത്രണാതീതമായത്. എന്നാൽ ലോക്സഭയിൽ കൊണ്ടുവന്ന പുതിയ ബില്ലിലൂടെ സ്വകാര്യ ബാങ്കിംഗ്-ഇൻഷ്വറൻസ് സംരംഭങ്ങളും ന്യൂജനറേഷൻ ബാങ്കുകളുംവഴി അമിത പലിശ സമസ്ത മേഖലയിലും ഈടാക്കുന്നത് വിമർശനാത്മകമാണ്. സഹകരണ ബാങ്കിംഗ് മേഖല മുഖ്യ ബാങ്കിംഗ് മേഖലയിലേക്ക് ഉദ്ഗ്രഥി ക്കപ്പെടുന്നതുവഴി അമിതപലിശ ഈടാക്കാനുള്ള സാഹചര്യം വർദ്ധിക്കുന്നു. Mass Banking സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനുപകരം സ്വകാര്യ

വൽക്കരണത്തിലൂടെ Class Banking-ലേയ്ക്ക് നീങ്ങുന്ന നടപടി ഖേദകരമാണ്. ഇത്തരം ചൂഷണങ്ങളെ പ്രതിരോധിക്കാൻ കഴിയുന്ന നിയമനിർമ്മാണങ്ങൾ രാജ്യത്തുണ്ടാകണം. ബഹുരാഷ്ട്ര കമ്പനികളിൽ നിന്നും കോടിക്കണക്കിന് കള്ളപ്പണം രാജ്യത്ത് എത്തി പണപ്പെരുപ്പത്തിലേയ്ക്ക് നയിച്ച് സമ്പദ് വ്യവസ്ഥയിൽ ചൂഷണത്തിനുള്ള സാഹചര്യമുണ്ടാക്കുന്നത് തടയണം. കേന്ദ്ര സർക്കാരുമായി ആലോചിച്ച് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ മാറ്റങ്ങൾ വേണമെന്ന ആശയം കൂടി കൂട്ടി ചേർത്താൽ മാത്രമേ ഈ മേഖലയിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാകുകയുള്ളൂ.

ശ്രീ. വി. ചെന്താമരാക്ഷൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഓർഡിനൻസ് വന്നതിനുശേഷവും സാമ്പത്തിക തിരിമറികൾക്കെതിരെ കേസെടുക്കാത്ത സർക്കാരാണിത്. ഓർഡിനൻസ് പ്രഖ്യാപിച്ചതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. പുതിയ നിയമം അനുസരിച്ച് പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ടോയെന്ന് പരിശോധിക്കണം. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ മാതൃകാപരമായി കേസെടുത്തിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള അമിത പലിശ ഈടാക്കൽ ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള മണി ലെൻഡേഴ്സ് ആക്ട് പ്രകാരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുള്ളപ്പോൾ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണം.

നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കണം. ന്യൂ ജനറേഷൻ ബാങ്കുകളെക്കൂടി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഈ മേഖലയിൽ ഗുണ്ടാസംഘങ്ങൾ വളർന്നുവരുന്നത് തടയണം. പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിക്കേണ്ട തുക ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുന്ന സർക്കാർ നടപടി അവസാനിപ്പിക്കണം. അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങളാണ് ബ്ലേഡ് മാഫിയാ സംഘങ്ങൾക്ക് കേരളത്തിൽ വളരാനുള്ള അവസരം ചെയ്തു കൊടുക്കുന്നത്. കടക്കെണിയിൽപ്പെട്ട സാധാരണക്കാരാണ് അമിത പലിശ ഈടാക്കുന്നവരുടെ ഇരകളായി മാറുന്നത്. സഹകരണ ബാങ്കുകളിലും ദേശസാൽകൃത ബാങ്കുകളിലും നിബന്ധനകളുള്ളതിനാൽ പാവപ്പെട്ടവർക്ക് കടം കിട്ടാതെ വരുന്ന സാഹചര്യത്തെയാണ് അമിത പലിശക്കാർ ചൂഷണം ചെയ്യുന്നത്. എഴുപതിനായിരത്തിലധികം കോടി രൂപയുടെ നിക്ഷേപം സഹകരണ ബാങ്കുകളിലുണ്ടായിട്ടും അമിതപലിശക്കാരെ ജനങ്ങൾ ആശ്രയിക്കുന്നത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. വിദ്യാർത്ഥികൾക്ക് രണ്ട് ശതമാനം പലിശയ്ക്ക് വിദ്യാഭ്യാസ വായ്പ നൽകാൻ നടപടി സ്വീകരിക്കണം. രണ്ട് ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കുന്ന സംവിധാനമുണ്ടായാൽ അമിതപലിശക്കാരുടെ കടന്നുകയറ്റം തടയാൻ കഴിയും. ന്യൂജനറേഷൻ ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയുന്ന രീതിയിൽ നിയമമുണ്ടാകണം. നബാർഡ് പോലും ഇപ്പോൾ അമിത പലിശ ഈടാക്കുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. സാധാരണക്കാരന് മിതമായ പലിശയ്ക്ക് വായ്പ ലഭ്യമാക്കേണ്ട ഇത്തരം സംരംഭങ്ങൾ പരാജയപ്പെടുമ്പോഴാണ് അമിത പലിശയ്ക്ക് പണം നൽകുന്ന മാഫിയകൾ വളർന്നുവരുന്നത്. ഇവരെ നിയന്ത്രിക്കുന്നതിന്

കർശനമായ നിയമം കൊണ്ടുവരികയും ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് അനുസരിച്ച് ഇവരെ തടങ്കലിൽ വയ്ക്കുന്നതിന് ആർജ്ജവം കാണിക്കുകയും വേണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1958-ലെ മണി ലെന്റേഴ്സ് ആക്ടിനെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു അനുബന്ധ നിയമമായാണ് ഇതിനെ കാണേണ്ടത്. ഈ ബില്ലിലെ ചില വകുപ്പുകളിലുള്ള അവ്യക്തതകൾ മാറ്റുകയും ദുരുപയോഗ സാദ്ധ്യത ഒഴിവാക്കുകയും ചെയ്യണം. അധമർണ്ണനെന്നും ഉത്തമർണ്ണനെന്നുമുള്ള പ്രയോഗങ്ങൾക്ക് പകരം കടം കൊടുക്കുന്ന ആളെന്നും കടം വാങ്ങുന്ന ആളെന്നുമാക്കി മാറ്റിയാൽ നന്നായിരിക്കും. ആറാമത്തെയും എട്ടാമത്തെയും വകുപ്പുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്വാഗതാർഹമാണ്. ഈ ആക്ടിൽ കർഷകർക്ക് പ്രാധാന്യം നൽകുന്നതായി കാണുന്നില്ല. 9-ാം വകുപ്പ് (ബി) -യിൽ പറയുന്ന അധമർണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയോ അങ്ങനെ പീഡിപ്പിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളിനും നൽകുന്ന ശിക്ഷ ഒരു വർഷംവരെ ആകുന്ന കാലത്തേയ്ക്കുള്ള തടവിനും പതിനായിരം രൂപവരെയാകുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്ന കുറ്റകൃത്യത്തെ നോൺ ബെയ്ലബിൾ ആക്കുകയാണ്. രണ്ടുവർഷമോ അതിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന വകുപ്പുകൾ മാത്രമാണ് നോൺ ബെയ്ലബിളായി കണ്ടുവരുന്നത്. സാമ്പത്തിക ക്രമക്കേടുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി പോരായ്മകൾ പരിഹരിച്ചുകൊണ്ടും പഴുതുകൾ

അടച്ചും നിയമപരമായി നിലനിൽക്കുന്ന ഒന്നായി ഈ ബിൽ പാസ്സാക്കുവാൻ സാധിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): മണി ലെന്റേഴ്സ് ആക്ടിന് വ്യാപ്തി വളരെ കുറവായതിനാൽ അഡീഷണലായി ഒരു നിയമം കൂടി കൊണ്ടുവരുമ്പോൾ കുറേക്കൂടി മെച്ചപ്പെട്ട വ്യവസ്ഥിതിയുണ്ടാകും.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പരിഗണനയ്ക്കെടുക്കണമെന്നമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

112, 113, 114, 115, 117, 118, 120, 121, 122, 123, 125, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

115 ഖണ്ഡം (2) (1) (സി) യിൽ ''എന്നതിൽ'' എന്ന വാക്കിന് പകരം ''എന്നാൽ 1958-ലെ കേരള പണം കടം കൊടുപ്പുകാർ ആക്ടിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ നിജപ്പെടുത്തിയിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ പലിശയും അതിൽ'' എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി 49 തിനെതിരെ 64 വോട്ടുകൾക്ക് സഭ നിരാകരിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി 52 തിനെതിരെ 66 വോട്ടുകൾക്ക് സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

127, 128, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മൂന്നാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

130 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

4-ാം വകുപ്പ്

131 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

5-ാം വകുപ്പ്

132, 133, 134, 135, 136, 137, 138, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി 54-നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

6-ാം വകുപ്പ്

140, 141, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

7-ാം വകുപ്പ്

143, 144, 145, 146, 147, 148, 149, 150, 151, 153, 154, 155, 157, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി 53-നെ തിരെ 67 വോട്ടുകളോടെ സഭ നിരാകരിച്ചു.

8-ാം വകുപ്പ്

159-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി 53 നെ തിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

9-ാം വകുപ്പ്

160, 161, 162, 163, 164, 165, 166, 167, 168, 169, 170, 171, 172, 176, 177, 178, 179, 180, 181, 182, 183, 184, 185, 186, 187, 189, 190, 193, 194, 195, 197, 198, 199, 200, 201, 202, 203, 204, 205,207, 208, 209 എന്നീ നമ്പർ ഭേദഗതികൾ സഭ അവതരിപ്പിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി 54 നെ തിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി 56 നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി 56-നെതിരെ 68 വോട്ടുകളോടെ പിൻവലിച്ചു.

10-ാം വകുപ്പ്

210, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

13-ാം വകുപ്പ്

212-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കുന്നതിന് തത്വത്തിൽ യോജിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇങ്ങനെയൊരു നിയമം വളരെ ആവശ്യമാണ്. ഈ നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഭരണസംവിധാനത്തെയാകെ ഇതിനുവേണ്ടി തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകണം.

2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(2) 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള

മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ പൊതുവായ ഒരു സാമൂഹ്യ വിപത്തായി മാലിന്യ പ്രശ്നം മാറിയിരിക്കുകയാണ്. മാലിന്യ പ്രശ്നത്തിന്റെ പരിഹാരമാർഗ്ഗത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഇല്ലെന്ന് മാത്രമല്ല ധനകാര്യ മെമ്മോറാണ്ടത്തിൽ സർക്കാരിന്റെ ബാധ്യതകൾ നിർവ്വചിക്കപ്പെട്ടിട്ടുമില്ല. ഈ ബിൽ നടപ്പിലാകുന്നതോടെ കേരളത്തിലെ മാലിന്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയില്ല. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ സംഘടനകൾ എന്നിവയെ സംബന്ധിച്ച് ബില്ലിൽ വിഭാവനം ചെയ്തിട്ടില്ല. മാലിന്യം ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കാനുള്ള ബാധ്യത തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറി ഉത്തരവാദിത്വത്തിൽനിന്ന് ഗവൺമെന്റ് ഒഴിഞ്ഞു നിൽക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. യാതൊരു ലോജിക്കുമില്ലാത്ത മാലിന്യ നിർമ്മാർജ്ജന ഫണ്ടിനെക്കുറിച്ചാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിച്ചതുകൊണ്ടുമാത്രം നിർമ്മാർജ്ജനം പൂർണ്ണമാകുമോയെന്നത് പരിശോധിക്കപ്പെടണം. തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാതെ ഈ ബിൽ യാഥാർത്ഥ്യമാകില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ ഫലപ്രദമായി നിർവഹിക്കാനാവശ്യമായ സാമ്പത്തികസഹായം നൽകാൻ

സർക്കാർ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. എല്ലാ വീടുകളിലേയ്ക്കും ആവശ്യമായ ബയോഗ്യാസ് പ്ലാന്റ് സപ്ലൈ ചെയ്യാനുള്ള സോഴ്സ്, ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ഗവൺമെന്റ് നൽകുന്ന സബ്സിഡി, ഗവൺമെന്റ് വഹിക്കുന്ന പങ്ക് മുതലായ കാര്യങ്ങളെ സംബന്ധിച്ച് ബില്ലിൽ വ്യക്തതയില്ല. സമഗ്രമായ മാലിന്യ നിർമ്മാർജ്ജന പദ്ധതികളൊന്നും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഗവൺമെന്റിന് ഇതുവരെ സാധിച്ചിട്ടില്ലെന്ന് മാത്രമല്ല മാലിന്യ നിർമ്മാർജ്ജന ഫണ്ടിനെക്കുറിച്ചോ സബ്സിഡിയെ ക്കുറിച്ചോ യാതൊരു വ്യക്തതയും ഇല്ല.

<u>ശ്രീ. ഇ. കെ. വിജയൻ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനം ഇന്ന് മാലിന്യ കൂമ്പാരമായി മാറിയിരിക്കുകയാണ്. പ്ലാസ്റ്റിക് ഉപയോഗം തട യാനും ഗ്രാമ-നഗര വ്യത്യാസമില്ലാതെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി സ്വീകരിക്കാനും കഴിയണം. ജനസംഖ്യാ വർദ്ധനവിനാനുപാതിക മായി സംസ്ക്കരണ പ്ലാന്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. വായു മലിനീ കരണം തടയുന്നതിന് വൻകിട ഫ്ളാറ്റ് സമുച്ചയങ്ങളിൽ ഗ്രീൻ ബെൽറ്റ് മാതൃ കയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നിർദ്ദേശം നൽകണം. സംസ്ഥാന ത്തിന്റെ സ്വീവേജ് സംവിധാനം കാര്യക്ഷമമാക്കാനും ശുദ്ധജല ലഭ്യത ഉറപ്പാക്കാനും നടപടിയുണ്ടാകണം. മാലിന്യ സംസ്ക്കരണത്തിന്റെ ആവശ്യ കതയെക്കുറിച്ച് വരുംതലമുറകളിൽ അവബോധം വളർത്തണം. മാലിന്യ സംസ്ക്കരണത്തിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തണം.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലെ 143എ വകുപ്പിൽ കൗൺസിലർമാരുടെ സ്വത്ത് വിവരം വെളിപ്പെടുത്തുന്നതിന് കൗൺസിലർമാർക്ക് 15 മാസത്തെ കാലപരിധികൂടി നൽകുമെന്ന വ്യവസ്ഥ

12 മാസമെന്നാക്കി നിജപ്പെടുത്തണം. ബില്ലിലെ ഉദ്ദേശകാരണ വിവരണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ തികച്ചും ബാലിശമാണ്.

334-ാം വകുപ്പിലെ "മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുന്നത്" സംബന്ധിച്ച ഭേദഗതിയിൽ 'മത്സ്യകടകൾ' കൂടി ഉൾപ്പെടുത്തണം. മാലിന്യ നിർമ്മാർജ്ജനത്തിന് ബദൽ സംവിധാനം ഉണ്ടാക്കാതെ നിലവിലുള്ളത് അടച്ചുപൂട്ടിയാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. വീടുകളിൽ സംവിധാനങ്ങൾ ഉണ്ടാക്കി ഉറവിടത്തിൽതന്നെ മാലിന്യം സംസ്ക്കരിച്ചാൽ മാരകരോഗങ്ങൾ പടർന്നു പിടിക്കുന്നതു തടയാം. മാലിന്യം പൊതുവഴിയിൽ നിക്ഷേപിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാലിന്യ പ്രശ്നം പരിഹരിക്കാൻ സർക്കാർ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ലായെന്നത് വിമർശനാത്മകമാണ്. വിളപ്പിൽശാല, ലാലൂർ, ഞെളിയൻപറമ്പ് ഉൾപ്പെടെ മാലിന്യ പ്രശ്നം സംസ്ഥാനവ്യാപകമായി മാറിയിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജന പദ്ധതികളൊന്നും പ്രായോഗികമായിട്ടില്ല. മാലിന്യപ്രശ്നത്തിന്റെ കാര്യത്തിൽ വ്യക്തമായ നിയമങ്ങളുണ്ടാകുന്നതോടൊപ്പം നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. ശ്മശാനം ആരംഭിക്കാൻ തീരുമാനിച്ച സ്ഥലങ്ങളിലൊക്കെ രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനകീയ സമരം നടക്കുന്നത് കാണാതിരിക്കരുത്. മാലിന്യസംസ്കരണത്തെ ഗൗരവത

രമായി കാണണം. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത നഗരങ്ങളുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നത് ലജ്ജാകരമാണ്. പരിസരശുചിത്വത്തെക്കുറിച്ച് സ്കൂൾ കുട്ടികളിൽ അവബോധം വളർത്തുന്ന തിന് മാലിന്യസംസ്കരണം എന്ന വിഷയം പ്രൈമറി തലംമുതൽ പാഠ്യപദ്ധതി യിൽ ഉൾപ്പെടുത്തണം. ജലാശയങ്ങളിൽ മാലിന്യം തള്ളുന്നത് കണ്ടില്ലെന്ന് നടിക്കരുത്. ആസൂത്രണമില്ലാതെയുള്ള മാലിന്യ സംസ്കരണ പദ്ധതി പരാജ യപ്പെടും. മാലിന്യ നിർമ്മാർജ്ജന ഫണ്ടിനെക്കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. എ. അഹ്മദ് കബീർ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാലിന്യ സംസ്ക്കരണത്തിന്റെ ഗൗരവം ഉൾക്കൊണ്ട് മുനിസിപ്പൽ നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ തയ്യാറായത് സ്വാഗ താർഹമാണ്. മാലിന്യ സംസ്കരണത്തിനും അതിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും സമഗ്രമായ ആസൂത്രണം അനിവാര്യമാണ്. സിയാൽ മാതൃകയിൽ മാലിന്യസംസ്കരണ കമ്പനിയുണ്ടാ ക്കാൻ എടുത്ത തീരുമാനം സ്വാഗതാർഹമാണ്. ഈ കമ്പനിയുടെ കീഴിൽ ജില്ലാതലത്തിൽ ആവശ്യമായ ആസൂത്രണമുണ്ടാകണം. നഗരാസൂത്രണ ത്തിനും മാലിന്യ സംസ്ക്കരണത്തിനും മുന്തിയ പ്രാധാന്യം നൽകണം. കമ്പോസ്റ്റ് നിർമ്മാണ രംഗത്ത് ജൈവകൃഷിക്കാവശ്യമായ ജൈവവളം ഉണ്ടാ ക്കുന്നതിനുവേണ്ടിയുള്ള പ്രചാരണം നടത്താൻ ആശ, അംഗൻവാടി വർക്കേ ഴ്സ്, എൻ.സി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ്, എൻ.എസ്.എസ്., സ്റ്റുഡൻസ്

പോലീസ് കേഡറ്റ്, റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ തുടങ്ങിയ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : ആശുപത്രി, ചന്ത, അറവുശാലകൾ, ഫിഷ്മാർക്കറ്റ് തുടങ്ങിയ സ്ഥല ങ്ങളിലാണ് നാട്ടിലുണ്ടാകുന്ന വേസ്റ്റിന്റെ എഴുപതുശതമാനവും ഉല്പാദി ക്കപ്പെടുന്നത്. മുനിസിപ്പാലിറ്റികളുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം തുകയും ഇതിലേയ്ക്കുവേണ്ടിയാണ് ഇതുവരെ ചെലവഴിച്ചിരുന്നത്. മാലിന്യം ഉല്പാദിപ്പിക്കുന്നവർ തന്നെ ഉറവിടത്തിൽ സംസ്ക്കരിക്കണമെന്ന ഉദ്ദേശ ത്തോടുകൂടിയാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. വേസ്റ്റ് മാനേജുമെന്റിനായി കഴിഞ്ഞ വർഷം 177 കോടി രൂപ ശുചിത്വമിഷന് നൽകിയിട്ടുണ്ട്. ഉറവിട സംസ്കരണത്തിന്റ ഭാഗമായി മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കോട്ടയം എന്നീ പ്രധാനപ്പെട്ട നഗരങ്ങളിൽ വേസ്റ്റ് പ്രോസസ്സ് ചെയ്യുന്നതിന് പി.പി.പി. മോഡലിൽ ആധുനിക ഗ്യാസിഫിക്കേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. വനിതാ സംവരണം 50 ശതമാനമാക്കിയശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പായതി നാലും വനിതാ കൗൺസിലർമാർ ഉൾപ്പെടെയുള്ള കൗൺസിലർമാർ തങ്ങ ളുടെ വാർഡുകളിലെ വികസനപ്രവർത്തനങ്ങളിൽ മുഴുകിയിരുന്നതിനാലും പ്രസ്തുത കാലാവധിക്കുള്ളിൽ സ്റ്റേറ്റ്മെന്റ് നൽകാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സ്റ്റേറ്റ്മെന്റ് നൽകാത്ത ജനപ്ര തിനിധികളെ അയോഗ്യരാക്കുന്നത് ഒഴിവാക്കാനായി മൂന്ന് മാസത്തിനകം എന്ന സമയപരിധി പതിനഞ്ച് മാസമാക്കി നീട്ടിക്കൊടുക്കേണ്ടത് അത്യാവശ്യ

മാണ്. വേസ്റ്റ് മാനേജുമെന്റ് സംബന്ധിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിന്റെ ഭാഗമായി അംഗൻവാടികൾ, നഴ്സറികൾ എന്നിവ കേന്ദ്രീകരിച്ച് 'ശൈശവ ശുദ്ധി ശാശ്വത ശുദ്ധി' എന്ന പരിപാടിയും സ്കൂളുകളെ കേന്ദ്രീകരിച്ച് 'അക്ഷരമുറ്റം ശുചിത്വമുറ്റം' എന്ന പരിപാടിയും നടപ്പാക്കിവരികയാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

109, 111, 112,113, 115, 116, 117 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം വകുപ്പ്

118, 120, 122, 123, 124, 125, 127, 128, 129, 132, 133, 136, 137, 138, 139, 140, 141, 142, 143, 144, 145, 148, 149, 151, 152, 153, 154, 155, 156, 157, 160, 161, 163, 164, 165, 166, 167, 168, 169, 170, 171, 172, 174 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

(118) ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1)-ൽ "ചിക്കൻ സ്റ്റാളുകൾ" എന്നീ വാക്കുകൾക്ക് ശേഷം " മത്സ്യ സ്റ്റാളുകൾ" എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(121) ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1) -ൽ "600 ചതുരശ്രമീറ്ററിൽ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "400 ചതുരശ്ര മീറ്ററിൽ " എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

(126) ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1) (സി)യിൽ " അത്തരം മാലിന്യങ്ങൾ" എന്നീ വാക്കുകൾക്കു പകരം " അത്തരം മാലിന്യങ്ങൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

(131) ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(2)-ൽ "ലൈസൻസോ" എന്ന വാക്കിനുശേഷം കെട്ടിടനമ്പരോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതിയും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി 49-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

ഭേദഗതികൾ അവതപ്പിച്ചില്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

ഭേദഗതി അവതരിപ്പിച്ചില്ല

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.46-ന് പിരിഞ്ഞു.

* * * * * * * * * *